**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൊല്ലം ,**
ഇ_മെയിൽ-: dmdkollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ - 1077

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ**

**കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(സാന്നിദ്ധ്യം : അബ്ദുൾ നാസർ ബി, ഐ എ എസ് )**

(ദുരന്ത നിവാരണ നിയമം 2005-ലെ 26(2), 30, 34,65 എന്നീ വകുപ്പുകൾ പ്രകാരം പുറപ്പെടുവിക്കുന്നത്)

DCKLM/1827/2020-DM2 (4) തിയതി: 10.07.2020

വിഷയം:- ദുരന്തനിവാരണം-കോവിഡ്19- പ്രതിരോധ പ്രതികരണ നടപടികൾ - കൊല്ലം ജില്ല - സാമൂഹ്യ വ്യാപനം തടയൽ - മത്സ്യ ബന്ധന മേഖലയിലേതുൾപ്പെടെയുള്ള അന്യ സംസ്ഥാന തൊഴിലാളികളുടെ ക്വാറന്റൈൻ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

വായന:- (1) കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 04.07.2020-ലെ ഇതേ നമ്പർ ഉത്തരവ്

(2) കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 06.07.2020-ലെ ഇതേ നമ്പർ ഉത്തരവ്

---

ജില്ലയിലെ മത്സ്യബന്ധനമുൾപ്പെടെയുള്ള വിവിധ തൊഴിൽമേഖലകളിൽ ജോലിക്കായി ഇതര സംസ്ഥാന തൊഴിലാളികളെ വലിയ തോതിൽ തൊഴിലുടമകൾ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19 രോഗവ്യാപനം ഗുരുതരമായി തുടരുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുമുൾപ്പെടെയുള്ളവരെയാണ് ഇത്തരത്തിൽ എത്തിക്കുന്നത്.

കോവിഡ് 19 സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി മേൽപ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലെത്തുന്നവരെ കർശന നിരീക്ഷണത്തിന് വിധേയരാക്കേണ്ടതുണ്ട്. ടി നടപടികളുടെ ഭാഗമായി താഴെപ്പറയുന്ന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെ കൊണ്ടു വരുന്ന തൊഴിലുടമകൾ അവർ എത്തുന്നതിന് മുൻപായി തന്നെ തൊഴിലാളികളുടെ പേരും, മേൽ വിലാസവും, മൊബൈൽ-ആധാർ കാർഡ് നമ്പരുകൾ,

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൊല്ലം ,
ഇ_മെയിൽ-: dmdkollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ - 1077

അവരെ പാർപ്പിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ മുറികളുടെ എണ്ണം, മറ്റ് ശുചിമുറി സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ഐ.എസ്.എച്ച്.ഒ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ എന്നിവർക്ക് കൈമാറേണ്ടതാണ്. ഇവയുടെ പകർപ്പ് കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കും ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർക്കും നൽകേണ്ടതുമാണ്.

2. സംസ്ഥാന അതിർത്തി മുതൽ 14 ദിവസ നിർബന്ധിത നിരീക്ഷണത്തിനായി സജ്ജീകരിച്ചിരിക്കുന്ന കെട്ടിടം വരെ തൊഴിലുടമ ഏർപ്പാട് ചെയ്യുന്ന പ്രത്യേക വാഹനത്തിലായിരിക്കണം തൊഴിലാളികളെ കൊണ്ടുവരേണ്ടത്.
3. തൊഴിലാളികൾ എത്തി കഴിഞ്ഞാൽ ആ വിവരവും നിർദ്ദേശം (1) ൽ പരാമർശിച്ച ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.
4. തൊഴിലാളികൾ നിരീക്ഷണ സംവിധാനത്തിൽ നിന്നും പുറത്തു കടന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം തൊഴിലുടമക്കായിരിക്കും.
5. നിരീക്ഷണ കാലയളവിൽ തൊഴിലാളികൾക്കാവശ്യമായ പരമാവധി ഭക്ഷ്യ സാമഗ്രികൾ മുൻകൂട്ടി തന്നെ, അതായത് തൊഴിലാളികൾ കെട്ടിടത്തിൽ പ്രവേശിക്കുന്നതിന് മുൻപായി തന്നെ തൊഴിലുടമകൾ നിർദ്ദിഷ്ട കെട്ടിടത്തിൽ ശേഖരിച്ച് വക്കേണ്ടതാണ്.
6. നിരീക്ഷണ കാലയളവിൽ തൊഴിലുടമകൾ തൊഴിലാളികളുമായി നിരന്തരം ഫോൺ മുഖേനയോ, നേരിട്ട് ബന്ധം വരാത്ത രീതിയിലോ ആശയ വിനിമയം നടത്തേണ്ടതും എന്തെങ്കിലും അസ്വസ്ഥതകൾ അവർക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറെ ഉടൻ അറിയിക്കേണ്ടതുമാണ്.
7. തൊഴിലാളികൾ മറ്റാരെങ്കിലുമായി ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും ആവശ്യങ്ങൾക്കായി ബന്ധപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ട ചുമതലയും തൊഴിലുടമക്കായിരിക്കും.

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൊല്ലം ,**
ഇ_മെയിൽ-: dmdkollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ - 1077

8. ടി കെട്ടിടത്തിലേക്ക് മറ്റാരും പ്രവേശിക്കുന്നില്ലായെന്ന് ഉറപ്പ വരുത്തേണ്ട ചുമതല തൊഴിലുടമക്ക് തന്നെയായിരിക്കും.
9. തൊഴിലാളികളുടെ താമസ സൗകര്യവും ക്വാറന്റൈൻ സൗകര്യവും ഒരുക്കുന്നതിന്റെ പൂർണ്ണ ചുമതല അതാത് തൊഴിലുടമകൾക്കും ബന്ധപ്പെട്ട കരാറുകാർക്കുമായിരിക്കും.
10. തൊഴിലാളികളുടെ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പരിശോധനകൾക്കായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആവശ്യപ്പെടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ തൊഴിലുടമ ബാധ്യസ്ഥനായിരിക്കും.

നിലവിൽ സംസ്ഥാന സർക്കാരും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും പുറപ്പെടുവിച്ചിരിക്കുന്ന എല്ലാ കോവിഡ് 19 നിയന്ത്രണ നടപടികളും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ട ചുമതല തൊഴിലുടമക്ക് തന്നെയായിരിക്കും.

മേൽ നിർദ്ദേശങ്ങളുടെ ഏതെങ്കിലും വിധത്തിലുള്ള ലംഘനത്തിന് ബന്ധപ്പെട്ട തൊഴിലുടമക്കെതിരെ പകർച്ച വ്യാധി നിയന്ത്രണ നിയമത്തിലേയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലേയും ദുരന്ത നിവാരണ നിയമത്തിലേയും വകുപ്പുകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന മുന്നറിയിപ്പും ഇതിനാൽ നൽകുന്നു.

**ഒപ്പ്/–**
**ചെയർമാൻ,**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി**
**& ജില്ലാ മജിസ്ട്രേറ്റ്, കൊല്ലം**

- ജില്ലാ പോലീസ് മേധാവി, കൊല്ലം സിറ്റി / കൊല്ലം റൂറൽ
- ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം
- ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
- ജില്ലാ ലേബർ ഓഫീസർ, കൊല്ലം
- എല്ലാ ഐ. എസ്.എച്ച്.ഒ മാർക്കും (പോലീസ് മേധാവിമാർ മുഖേന)
- എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും (ലേബർ ഓഫീസർ മുഖേന)
- എല്ലാ മെഡിക്കൽ ഓഫീസർമാർക്കും (ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)

**പകർപ്പ്**

- ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾക്ക്

- ഇൻസിഡന്റൽ കമാൻഡർമാർ കൂടിയായ കൊല്ലം, കരുനാഗപള്ളി താലൂക്ക് തഹസിൽദാർമാർക്ക്
- സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, കൊല്ലം.
- ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
- JS(DM)/DM 2 /DM3/ജില്ലാ കളക്ടറുടെയും എ ഡി എം –ന്റേയും സി എ മാർക്ക്, സ്റ്റോക്ക് ഫയൽ /അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട് (ദുരന്ത നിവാരണം)